
www.malankaralibrary.com

Vol.9 No.2 February 2012

# കാരുണികൻ

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക



www.malankaralibrary.com

**വചനബോധി:** മലങ്കര

ഫെബ്രുവരി 26 ഞായർ; മർക്കോ. 1: 40–45........................................................3
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. തോമസ് കുഴിയടിച്ചിറ

മാർച്ച് 4 ഞായർ; മത്താ. 9: 1–8 ..................................................................................6
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. ജോർജ് തോമസ് കൊച്ചുവിളയിൽ

മാർച്ച് 11 ഞായർ; മത്താ. 15: 21–28 ..........................................................................8
ഡോ. ജേക്കബ് നാലുപറയിൽ

മാർച്ച് 18 ഞായർ; ലൂക്ക. 13:10–17 ..........................................................................10
ഡോ. ജേക്കബ് നാലുപറയിൽ
ഫാ. നോബി അയ്യനേത്ത്

മാർച്ച് 25 ഞായർ; ലൂക്ക. 1: 26–38 ..........................................................................13
ഡോ. ജേക്കബ് മുള്ളൂർ
ഡോ. ജെ. നാലുപറയിൽ
ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി

www.malankaralibrary.com



# മർക്കോ. 1: 40 - 45

ഫെബ്രുവരി 26 ഞായർ

## ഭാഷ്യം

### I. സന്ദർഭം

ദൈവപുത്രനായ യേശു (1:11) ദൈവരാജ്യ സ്ഥാപത്തിനായി പ്രവർത്തിക്കുന്നതാണ് മർക്കോ. 1:14-3:6ൽ വിവരിക്കുന്നത്. ഒന്നാം ദിവസത്തെ പ്രവർത്തനത്തിനു ശേഷമാണ് (1:14-34) ഏറ്റവും വലിയ രോഗമായ കുഷ്ഠരോഗം യേശു സുഖമാക്കുന്നത് (1:40-45).

### II. പ്രമേയം

യേശു രോഗികളെ സുഖപ്പെടുത്തുന്നു. അതിന്റെ അർത്ഥം യേശുവിന്റെ പ്രവർത്തനങ്ങളിലൂടെ രോഗത്തിന്റെ ഭരണം അവസാനിക്കുകയും ദൈവത്തിന്റെ ഭരണം (ദൈവരാജ്യം) നടപ്പിലാകുകയും ചെയ്യുന്നു എന്നാണ്. ഏറ്റവും ഭയാനക രോഗമായ കുഷ്ഠരോഗം ശമിപ്പിക്കുന്നതിലൂടെ ദൈവരാജ്യ സംസ്ഥാപനത്തിന്റെ ഏറ്റവും ശക്തമായ മാതൃകയാണ് സുവിശേഷകൻ അവതരിപ്പിക്കുന്നത്.

### III. സന്ദേശം

1. യേശുവിന് കരുണതോന്ന് കൈനീട്ടി അവനെ സ്പർശിച്ചു (1:41). അതോടെയാണ് കുഷ്ഠരോഗം മാറുന്നത്. കരുണ ഹൃദയത്തിന്റെ ഭാവവും, സ്പർശനം പ്രവൃത്തിയുമാണ്. രോഗവും അശുദ്ധിയും മാറണമെങ്കിൽ ഇതു രണ്ടും ആവശ്യമാണെന്നു സാരം. ഹൃദയത്തിൽ നീ കാരുണ്യഭാവം പുലർത്തണം. അതൊടൊപ്പം നിന്റെ പ്രവർത്തനങ്ങൾ കരുണാസ്നേഹത്താൽ നിറഞ്ഞതാകണം. അപ്പോഴാണ് നിന്റെ സമീപത്തുള്ളവരുടെ രോഗം മാറുന്നത്. അശുദ്ധി മാറുന്നത്. നിന്റെ പ്രവൃത്തികളെ നീ സ്നേഹംകൊണ്ട് നിറക്കണം; നിന്റെ ഹൃദയഭാവങ്ങളെ നീ പ്രവൃത്തികളാക്കി മാറ്റുക.

2. കുഷ്ഠരോഗി പറയുന്നത് യേശുവിന് മനസ്സുണ്ടെങ്കിൽ സൗഖ്യം കൊടുക്കാൻ കഴിയുമെന്നാണ് (1:41). യേശുവിനുള്ള അവന്റെ വിശ്വാസമാണത്. യേശു മറുപടി പറയുന്നത് മനസ്സുണ്ടെന്നാണ് (1: 41). ഇവയുടെ രണ്ടിന്റെയും സമ്മേളനത്തിലാണ് സൗഖ്യവും ശുദ്ധിയും ഉണ്ടാകുന്നത്. വ്യക്തിയിലുള്ള വിശ്വാസവും, ചെയ്യാനുള്ള മനസ്സും ഉണ്ടായിരിക്കുക.

www.malankaralibrary.com

നിനക്ക് കൂടെ ജീവിക്കുന്നവരിൽ വിശ്വാസം ഉണ്ടായിരിക്കണം. അതോടൊപ്പം അവർക്കുവേണ്ടി കഴിവുള്ളതെല്ലാം ചെയ്യാനുള്ള മനസ്സുമുണ്ടാകണം. തിരിച്ച് അവർക്ക് നിന്നോടുള്ള കൂടെയുള്ളവർക്കും സൗഖ്യമുണ്ടാകുന്നത്. പലരും രോഗികളായിരിക്കുന്നതിന്റെ കാരണം, ഏതിന്റെയെങ്കിലും ഒന്നിന്റെ കുറവാണ്.

3. ആരോടും പറയരുതെന്നു പറഞ്ഞിട്ടും കുഷ്ഠരോഗി എല്ലാവരോടും പറഞ്ഞു (1:42–45). അവന് പറയാതിരിക്കാൻ കഴിഞ്ഞില്ല. തീവ്രമായ ജീവിതാനുഭവങ്ങളുടെ സ്വഭാവമതാണ്– പറയാതിരിക്കാൻ പറ്റില്ല. യേശുവിൽ നിന്ന് ഇത്തരം തീവ്രമായ അനുഭവങ്ങൾ നിനക്കുണ്ടാകണം. അങ്ങനെയാണ് നീ ക്രിസ്തുവിന്റെ പ്രഘോഷനകനാകുന്നത്. ക്രിസ്തുവിനെക്കുറിച്ച് വിളിച്ചു പറയാതിരിക്കാനാവാത്ത വ്യക്തി.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: കരുണയുള്ളവർ ഭാഗ്യവാൻമാർ

രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്ന അസീസിയിലെ ഫ്രാൻസീസിന് കുഷ്ഠരോഗികളെ കാണുന്നത് അറപ്പായിരുന്നു. കുഷ്ഠരോഗികളെ കാണുമ്പോൾ അദ്ദേഹം ഓടിപ്പോവുമായിരുന്നു. ഒരു ദിവസം കുതിരസവാരി നടത്തിയ ഫ്രാൻസീസ് കണ്ടത് മൂക്കും കവിളുമെല്ലാം ദ്രവിച്ച് ചലം ഒലിപ്പിച്ച്കൊണ്ട് ഒരു കുഷ്ഠരോഗി തനിക്കെതിരെ നടന്നുവരുന്നതാണ്. പതിവിന് വിപരീതമായി കുഷ്ഠരോഗികളെപ്പോലെ എല്ലാവരാലും നിന്ദിക്കപ്പെട്ട യേശുവിന്റെ മുഖമാണ് ഫ്രാൻസീസിന്റെ ഓർമ്മയിൽ വന്നത്. "അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു. അവനെ കണ്ടവർ മുഖം തിരിച്ചുകളഞ്ഞു." (ഏശയ്യ 53: 3). കുഷ്ഠരോഗിയിൽ യേശുവിനെ ദർശിച്ച ഫ്രാൻസീസ് മറ്റൊന്നും ആലോചിക്കാതെ ഓടിച്ചെന്ന് ആശ്ലേഷിച്ച് അവനെ ചുംബിച്ചു. തന്റെ ഉടുപ്പും നാണയങ്ങളും നൽകി സഹോദരനായി സ്വീകരിച്ചു.

എല്ലാവരാലും വെറുക്കപ്പെട്ട് കഴിയുന്നവരോട് പോലും കരുണ കാണിച്ചുകൊണ്ട് സഹജീവികളോട് നാമും കരുണയുള്ളവരായിരിക്കണം എന്ന് ഇന്നത്തെ സുവിശേഷത്തിലൂടെ ഈശോ നമ്മോട് ആഹ്വാനം ചെയ്യുന്നു. തിരുവചനത്തിലൂടെ അവിടുന്ന് പറയുന്നു "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത്" (മത്താ. 25:40). ഉറ്റവരിലും, ഉടയവരിലും, ആലംബഹീനരിലും, ആകാശപ്പറവകളിലുമൊക്കെ യേശുവിനെ ദർശിച്ചുകൊണ്ട് കാരുണ്യ ത്തിന്റെ വക്താക്കളായിത്തീരാൻ ഈശോ ക്ഷണിക്കുന്നു.

ആധുനിക കാലഘട്ടത്തിലെ AIDS പോലെ ഒരിക്കലും സുഖപ്പെടുത്താൻ സാധിക്കാത്ത, എല്ലാവരാലും വെറുക്കപ്പെട്ട ഒരു രോഗമാണ് കുഷ്ഠരോഗം. പാപത്തിന്റെ ഫലമാണ് കുഷ്ഠരോഗമെന്നും യഹൂദർ വിശ്വസിച്ചിരുന്നു. അസഹ്യമായ വേദനയും അറപ്പും വെറുപ്പും ഉളവാകുന്ന രീതിയിൽ മുറിവുകളിൽ നിന്നൊഴുകി വീഴുന്ന പഴുപ്പും മൂലം കുഷ്ഠരോഗി പൊതുസമൂഹ

www.malankaralibrary.com

ത്തിൽ നിന്ന് ഒരു കല്ലേറുദൂരം മാറിനടക്കണമെന്നായിരുന്നു യഹൂദ നിയമം. അടുത്തുവന്നാൽ കല്ലേറു കിട്ടുകയും ചെയ്യും. എങ്കിലും മനുഷ്യന്റെ മനോവേദനകളും വിങ്ങിപ്പൊട്ടലുകളും നേരിട്ടറിയുന്നവനാണ് യേശുവെന്നുള്ള വലിയ പ്രത്യാശയോടെ യേശുവിന്റെ അടുത്തെത്തി അവൻ സൗഖ്യം പ്രാപിക്കുന്നു. യേശുവിളിച്ച് പറഞ്ഞതും ഇത് തന്നെയാണ് "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ. 11:28)."

കുഷ്ഠരോഗികളെ ഒരു കല്ലേറുദൂരം നടത്തുന്ന യഹൂദനിയമത്തിന് വിപരീതമായി യേശു കുഷ്ഠരോഗിയെ അടുത്തേക്ക് സ്വാഗതം ചെയ്യുകയും കരുണാപൂർവ്വം സ്പർശിക്കുകയും ചെയ്തു. "കൈനീട്ടി അവനെ സ്പർശിച്ചു" (1: 41) എന്നാണ് തിരുവചനം പറയുന്നത്. മറ്റുള്ളവരോട് അനുകമ്പയും കരുണയും  കാണിക്കുന്ന യേശുവിന്റെ മുഖമാണ് നാമിവിടെ കാണുന്നത്.

മൊളോക്കോയിലെ കുഷ്ഠരോഗികൾക്കുവേണ്ടി ജീവൻ ഹോമിക്കുവാൻ തയ്യാറായ വി. ഡാമിയേനും പ്രചോദനമായത് യേശുവിന്റെ കരുണാർദ്രസ്നേഹമായിരുന്നു. കുഷ്ഠരോഗികൾക്ക് വേണ്ടി ജീവിച്ച് അവസാനം കുഷ്ഠരോഗിയായി താൻ അന്തിയുറങ്ങിയിരുന്ന മരച്ചുവട്ടിൽത്തന്നെ ആ മനുഷ്യസ്നേഹി സംസ്ക്കരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ സ്മാരകത്തിൽ ഇപ്രകാരം എഴുതിച്ചേർത്തിരിക്കുന്നു: "സ്നേഹിതനുവേണ്ടി ജീവൻ സമർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (യോഹ. 15: 13).

യേശുവിൽ നിന്നും അടർത്തിയെടുത്ത ഈ വലിയ കരുണയുടെ മുഖമാണ് വി.ഫ്രാൻസീസ് അസീസിക്കും വി. ഡാമിയേനും യഥാർത്ഥ ക്രിസ്തുശിഷ്യരാകാൻ പ്രചോദനമായത്.

നാം ജീവിക്കുന്ന ചുറ്റുപാടുകളിൽ ഒത്തിരിയേറെ "കുഷ്ഠരോഗി"കളുണ്ട്. ശരീരത്തിന്റെ കുഷ്ഠമായിരിക്കില്ല. പലവിധ രോഗങ്ങളാൽ ക്ലേശിക്കുന്ന വ്യക്തികൾ നമ്മുടെ അയൽപ്പക്കത്തുണ്ട്. അവരെ ഒന്നു സന്ദർശിക്കാൻ , അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ, കഴിയാവുന്ന രീതിയിൽ സാമ്പത്തിക സഹായം ചെയ്തുകൊണ്ട് മറ്റൊരു ക്രിസ്തുവായി നമുക്ക് മാറാം. മാനസിക ഭാരത്താൽ, സാമ്പത്തിക ക്ലേശങ്ങളാൽ ബുദ്ധിമുട്ടുന്നവരിലേക്ക് ഈശോ കടന്നുചെന്ന് കൈനീട്ടി സ്പർശിച്ചതുപോലെ നമുക്കും അഭയകേന്ദ്രമായിത്തീരാം. കുടുംബത്തിലും സമൂഹത്തിലും അസമാധാനത്തിലും ദുഃഖത്തിലും വേദനയിലും കഴിയുന്നവർക്ക് സ്നേഹത്തിന്റെ ഒരു സാന്ത്വന സ്പർശം സമ്മാനിക്കാനായാൽ തീർച്ചയായും അന്ത്യവിധിയിൽ നാമും സമ്മാനിതരാകും (മത്താ. 25: 31-46).

**ഫാ. തോമസ് കുഴിയടിച്ചിറ**

www.malankaralibrary.com



# മത്താ. 9: 1- 8

മാർച്ച് 4 ഞായർ

## ഭാഷ്യം

### I. സന്ദർഭം

മത്തായിയുടെ സുവിശേഷത്തിന്റെ പ്രാരംഭഭാഗമാണ് 1: 1 മുതൽ 4: 11 വരെ. മറിയത്തിന്റെ മകനായ യേശു, ക്രിസ്തുവും ദൈവത്തിന്റെ പുത്രനുമാണെന്നതാണ് ഇവിടുത്തെ പ്രമേയം. തുടർന്ന്, ദൈവപുത്രരാകാനുള്ള മാർഗ്ഗവും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാനുള്ള വഴിയും യേശു പഠിപ്പിക്കുന്നു (4: 12–7: 28). തുടർന്ന് യേശു പ്രവർത്തിക്കുന്ന 10 അത്ഭുതങ്ങളാണ് വിവരിക്കുന്നത് (8: 1–9: 34). അതിൽ ഒരു അത്ഭുതമാണ് ഇന്നത്തെ വചനഭാഗം.

### II. പ്രമേയം

തളർവാതരോഗിയെ യേശു സുഖപ്പെടുത്തുന്നതാണ് ഇന്നത്തെ പ്രമേയം. വിശ്വാസംമൂലം പാപമോചനവും സൗഖ്യവും ലഭിക്കുന്നു. അതിലൂടെ യേശുവിന്റെ അധികാരവും വെളിപ്പെടുന്നു.

### III. സന്ദേശം

1. യേശു ആദ്യം തളർവാതരോഗിയുടെ പാപം ക്ഷമിക്കുന്നു (9:2). തുടർന്ന് അവന് സൗഖ്യം കൊടുക്കുന്നു (9:7). ആദ്യം ആന്തരിക സൗഖ്യം; പിന്നീട് ശാരിരീകസൗഖ്യം. നിനക്കിത് രണ്ടും ആവശ്യമാണ്. ആദ്യത്തേത് രണ്ടാമത്തേതിന് വഴിയൊരുക്കും എന്നതാണ് സത്യം. നിന്റെ കൂടെയുള്ളവർക്കും ഇതു രണ്ടും ആവശ്യമാണ്. രോഗത്തിലാകുന്നവരെല്ലാം ആന്തരീകസൗഖ്യം സ്വീകരിച്ചാൽ ശാരീരിക സൗഖ്യത്തിന് വേഗതയും എളുപ്പവും കൂടും. നീയും നിന്റെ സ്വന്തപ്പെട്ടവരും യേശുവിനോടു ചേർന്നു നില്ക്കാനും ആന്തരീകസൗഖ്യം സ്വീകരിക്കാനും മറക്കാതിരിക്കുക.

2. യേശു തളർവാതരോഗിക്ക് പാപമോചനവും സൗഖ്യവും പ്രദാനം ചെയ്യുന്നത്, അവനെ കിടക്കയോടെ താഴെയിറക്കുന്നവരുടെ വിശ്വാസം കണ്ടിട്ടാണ് (9:2). സ്നേഹിതരുടെ വിശ്വാസപ്രവൃത്തി കാരണമാണ് അവന് സൗഖ്യം കിട്ടുന്നത്. പലരും നമുക്കുചുറ്റും തളർവാതത്തിലും രോഗത്തിലും കഴിയുന്നതിന് കാരണം നമ്മുടെ വിശ്വാസക്കുറവുതന്നെയാണ്. മറ്റുള്ളവരുടെ പാപത്തിനും രോഗത്തിനും മുമ്പിൽ നമുക്ക് നിഷ്ക്കളങ്കരായി കൈ കഴുകാനാവില്ലെ

www.malankaralibrary.com

ന്നു സാരം. ഉത്തരവാദിത്വം ഏറ്റെടുത്ത് സാമൂഹ്യപ്രതിബദ്ധതയോടെ പ്രതികരിക്കാനുള്ള വിശ്വാസമുണ്ടാകുമ്പോൾ മാത്രമേ രോഗവും പാപവും നമ്മുടെ സമൂഹത്തിൽ കുറഞ്ഞു വരുന്നുള്ളൂ.

3. വിശ്വാസം കാണുമ്പോൾ യേശു പറയുന്നത്, മകനേ ധൈര്യമായിരിക്കുക എന്നാണ് (9:2). വിശ്വാസം ഉണ്ടാകുമ്പോൾ സംഭവിക്കുന്നതിതാണ് – ധൈര്യമുണ്ടാകും; ഭയം അകലും. യേശു കൂടെയുണ്ടെന്ന് നീ വിശ്വസിക്കുക; അവൻ നിന്റെ ജീവിതത്തിൽ ഇടപെടുമെന്നും വിശ്വസിക്കുക. എങ്കിൽ നിന്റെ സർവ്വ ഭയങ്ങളും അകന്ന് നീ ധൈര്യവാനാകും. ആർക്കും ഒന്നിനും പിന്നെ നിന്നെ ഭയപ്പെടുത്താനാവില്ല.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: പരോപകാരമേ പുണ്യം, പാപമേ പരപീഡനം

തളർവാതം ശരീരത്തിന്റെ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്ന രോഗമാണ്. തളർവാത രോഗിയുടെ സഹനവും, ഈ രോഗിയെ എടുത്തുകൊണ്ടുവന്നു യേശുവിന്റെ മുൻപിൽ പ്രതീക്ഷയോടെ, പ്രത്യാശയോടെ എത്തിക്കുന്ന വ്യക്തികളുടെ ത്യാഗവും ദൈവം വിലമതിക്കുന്നു. സഹനം ജീവിതത്തിന്റെ ഫൈനൽ പോയിന്റ് ആകുന്നില്ല. മറിച്ച് ദൈവസ്നേഹത്തിൽ പങ്കുകാരാകാൻ ദൈവം നമ്മെ വിളിച്ചടുപ്പിക്കുന്ന മാർഗ്ഗങ്ങളാണ് ദൈവത്തിന്റെ നിത്യതയുടെ പദ്ധതിയിൽ സഹനത്തിന് അർത്ഥമുണ്ടെന്ന് തളർവാതരോഗിയുടെ സൗഖ്യം നമ്മെ പഠിപ്പിക്കുന്നു. അവന്റെ ശരീരത്തിന്റെ തളർച്ച ഇല്ലാതാക്കാൻ മാത്രമല്ല, ആത്മാവിന്റെയും വിമോചനം യേശു പ്രഖ്യാപിക്കുന്നു: "മകനെ, ധൈര്യമായിരിക്കുക" എന്ന സംബോധനയിലൂടെ പാപത്തിന്റെ സ്വാധീനങ്ങളിൽ നിന്നും പൈശാചിക ചതിയുടെ ഊരാക്കുടുക്കുകളിൽ നിന്നും സ്വാതന്ത്ര്യത്തിന്റെ ലോകത്തിലേക്ക് യേശു അവനെ കൈപിടിച്ച് നയിക്കുന്നു.

സഹജീവികളുടെ വേദന നമ്മുടെ വേദനയാക്കി മാറ്റുന്നതാണ് യഥാർത്ഥ ആധ്യാത്മികത. ഇവിടെ തളർവാതരോഗിക്ക് തങ്ങളുടെ സഹായം ആവശ്യമാണെന്ന് കണ്ട് അവനെ യേശുവിന്റെ പക്കലെത്തിക്കുവാൻ ത്യാഗമെടുക്കുന്ന വ്യക്തികൾ നമുക്ക് പാഠമാകണം. എന്റെ സഹോദരൻ വേദനിക്കുമ്പോൾ എനിക്കെങ്ങനെ വേദനിക്കാതിരിക്കും! നമ്മുടെ കൂട്ടായ്മയിലുള്ള 'തളർവാത രോഗികൾ' സുഖമാക്കപ്പെടേണ്ടത് നമ്മുടെ ആവശ്യമായിത്തീരണം. നിന്റെ വിശ്വാസം മൂലം നിന്റെ പ്രിയപ്പെട്ടവർക്കും സ്വന്തപ്പെട്ടവർക്കും തമ്പുരാൻ അനുഗ്രഹങ്ങൾ നൽകും. നിന്റെ വിശ്വാസം മൂലം നീ മാത്രമല്ല നിന്റെ ചുറ്റുമുള്ളവരും അനുഗ്രഹിക്കപ്പെടും. അതിനാൽ നമ്മുടെ ഉത്തര വാദിത്വം വർദ്ധിക്കുകയാണ്. കാരണം സമൂഹത്തിൽ/കൂട്ടായ്മയിൽ അനുഗ്രഹങ്ങൾ

*......ശേഷം പേജ് 9–ൽ*

www.malankaralibrary.com



# മത്താ. 15: 21-28

മാർച്ച് 11 ഞായർ

## ഭാഷ്യം

### I. സന്ദർഭം

ദൈവപുത്രനും ക്രിസ്തുവുമായ യേശു (1:1-4:11) പഠിപ്പിക്കുന്നത് ദൈവ പുത്രരാകാനുള്ള മാർഗ്ഗവും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാനുള്ള വഴിയുമാണ് (4:12-11:1). അപ്പോൾ യൂദാനേതാക്കൾ അവനോട് നിഷേധാത്മകമായി പ്രതികരിച്ച് അവനെ നശിപ്പിക്കാൻ ശ്രമിക്കുന്നു (11:2-13:52). എന്നാൽ യേശുവിന്റെ ശിഷ്യർ അവൻ ദൈവപുത്രനാണെന്ന് തിരിച്ചറിഞ്ഞ് അവനിൽ വിശ്വാസം അർപ്പിക്കുന്നു. വിശ്വസിക്കുന്നവരുടെ സമൂഹത്തെ സഭയായി യേശു രൂപപ്പെടുത്തുന്നു (14:1-18:35). ഈ ഭാഗത്ത് വിശ്വാസത്തിന് മാതൃകയായി വരുന്ന കാനാൻകാരിയുടെ മകൾക്ക് സൗഖ്യംകൊടുക്കുന്നതാണ് ഇന്നത്തെ വചനഭാഗം.

### II. പ്രമേയം

കാനാൻകാരി സ്ത്രീയുടെ അപേക്ഷപ്രകാരം യേശു അവളുടെ മകളെ സുഖപ്പെടുത്തുന്ന സംഭവമാണ് ഈ സുവിശേഷഭാഗം. ആദ്യം അവളുടെ അപേക്ഷ ശ്രദ്ധിക്കാത്ത യേശു പിന്നീട് ഇസ്രായേൽകാർക്കുവേണ്ടിയാണ് താൻ അയക്കപ്പെടുന്നതെന്നും മക്കളുടെ അപ്പം പട്ടികൾക്ക് കൊടുക്കരുതെന്നും പറയുമ്പോൾ ആ സ്ത്രീ വിശ്വാസത്തോടെ കാത്തുനിന്നു. മേശപ്പുറത്തുനിന്നും വീഴുന്ന അപ്പക്കഷണങ്ങൾ പട്ടികളെ തൃപ്തിപ്പെടുത്തുന്നു എന്ന് പറയുമ്പോൾ ഇസ്രായേൽകാരെക്കാൾ ആഴമേറിയ വിശ്വാസമാണത്. ഫലമോ അവളുടെ പുത്രിക്ക് സൗഖ്യം കിട്ടി. മക്കളുടെ അപ്പം അവൾക്ക് ലഭിച്ചു.

### III. സന്ദേശം

1. മക്കൾക്കുള്ളതാണ് അപ്പമെന്ന് പറയുന്ന യേശുവിനോട് കാനാൻകാരി പറയുന്നത് നായ്ക്കളുടെ അവകാശത്തെക്കുറിച്ചാണ് (15: 27) മേശയിൽ നിന്ന് വീഴുന്ന അപ്പകഷണങ്ങൾക്കുള്ള അവകാശം. നിനക്ക് അവകാശപ്പെട്ടത് തിരിച്ചറിയുക എന്നതാണ് പ്രധാനം. നീ ദൈവത്തിന്റെ മകളാണ്/മകനാണ്. അഥവാ ദൈവം നിന്റെ അപ്പനാണ്. അതിനാൽ ദൈവത്തിന്റെ സംരക്ഷണവും, പരിപാലനയും നിനക്കും അവകാശപ്പെട്ടതാണ്. അവകാശപ്പെട്ടത് ചോദിച്ച് വാങ്ങാനുള്ള നിർബന്ധബുദ്ധിയും നിനക്കു വേണം. കാനാൻകാരി സ്ത്രീയാണ് ഇതിന് മാതൃക.

www.malankaralibrary.com

2. നിന്റെ വിശ്വാസം വലുതാണ് നീ ആഗ്രഹിക്കുന്നപോലെ സംഭവിക്കട്ടെ (15:28). വിശ്വാസമുള്ളിടത്താണ് ആഗ്രഹങ്ങൾ സാധിതമാകുന്നത്. പ്രതിസന്ധികളിൽ യേശുവിൽ വിശ്വാസം അർപ്പിക്കാൻ നിനക്കാകണം. അപ്പോഴാണ് പ്രതിസന്ധികളെ തരണംചെയ്യാൻ നിനക്ക് നിനക്ക് പറ്റുന്നത്. അതോടൊപ്പം നിനക്ക് വിശ്വാസം അർപ്പിക്കാവുന്നതും, ആശ്രയിക്കാവുന്നതുമായ സ്വന്തപ്പെട്ടവർ നിനക്ക് ഉണ്ടാവണം. അപ്പോഴാണ് നിനക്ക് സുഖമുണ്ടാകുന്നത്.

3. കാനാൻകാരി കരഞ്ഞപേക്ഷിച്ചിട്ടും യേശു ഒരു വാക്കുപോലും ഉത്തരം പറയുന്നില്ല (15:23). ചിലപ്പോൾ തമ്പുരാന്റെ രീതികൾ അങ്ങനെയാണ്. എത്ര അപേക്ഷിച്ചാലും അവൻ പ്രതികരിക്കില്ല; മറുപടി പറയില്ല. നിന്റെ വിശ്വാസവും ആശ്രയബോധവും ആഴപ്പെടുത്താനുള്ള അവസരങ്ങളാണ് അവയെന്ന് തിരിച്ചറിയുക.

**ഡോ. ജേക്കബ് നാലുപറയിൽ**

---

*......പേജ് 7-ൽ നിന്ന് തുടർച്ച*

കുറഞ്ഞു കാണുമ്പോൾ, നിന്റെ വിശ്വാസത്തിന്റെ ആഴത്തെ നീ പരിശോധിക്കണം, യേശുവിലുള്ള നിന്റെ വിശ്വാസം നീ ആഴപ്പെടുത്തണം.

യേശുവിനു തളർവാതരോഗിയെ സുഖപ്പെടുത്താൻ സാധിക്കും എന്ന വിശ്വാസം തളർവാതരോഗിയെ വഹിച്ചുകൊണ്ടുവന്നവർക്ക് സഹനം ഏറ്റെടുക്കുവാൻ പ്രേരണയായി. ഈ ത്യാഗത്തിനു ദൈവം പ്രതിഫലം നൽകുമെന്ന് അവർക്ക് ബോധ്യമുണ്ടായിരുന്നു. ഇതാണ് യഥാർത്ഥ വിശ്വാസം. ഈ വിശ്വാസമാണ് ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്.

ഞാനും നിങ്ങളും ഉൾപ്പെടുന്ന സമൂഹത്തിൽ ക്രിസ്തുവിൽ എത്തിച്ചേരേണ്ടവരായി അനേകരുണ്ട്. ഇവരെ ക്രിസ്തുവിലെത്തിക്കാൻ നമുക്ക് സാധിക്കണം. ക്രിസ്തുവിലേക്ക് എത്തിക്കേണ്ടുന്നതിനുപകരം ക്രിസ്തുവിൽ നിന്ന് അകറ്റുന്നവരായി നാം മാറാതിരിക്കണം.

“മകനെ, ധൈര്യമായിരിക്കുക” എന്ന യേശുവിന്റെ വാക്കുകൾ, ദൈവം നമ്മോടും അരുളിച്ചെയ്യുന്നതാണ്. നമ്മളെയും ബലപ്പെടുത്തുവാൻ ക്രിസ്തു ആഗ്രഹിക്കുന്നു. വലിയ നോമ്പിന്റെ ഈ കാലം നമ്മുടെ തകർച്ചകളെ മാറ്റി ശക്തി സംഭരിക്കാനുള്ളതാണ്. ഉപവാസത്തിലൂടെയും പരിത്യാഗപ്രവർത്തനങ്ങളിലൂടെയും നിരന്തര പ്രാർത്ഥനകളിലൂടെയും തകർച്ചകൾ മാറ്റി, ക്രൂശിതന്റെ പാതയിൽ മുന്നേറാൻ നമുക്ക് സാധിക്കണം. എന്റെ വേദനയുടെ തീക്ഷ്ണതയിൽ എന്റെ ദൈവം എന്നെപ്പോലെ വേദന അനുഭവിച്ച്, എന്നെപ്പോലെ സഹിച്ച് എനിക്ക് ഒപ്പം നിൽക്കുന്നു എന്ന തിരിച്ചറിവ് നമ്മെ ബലപ്പെടുത്തും. അങ്ങനെ തളർവാതരോഗിയെ സുഖപ്പെടുത്താൻ കാരണമായ അതേ വിശ്വാസചൈതന്യത്തിൽ നമുക്കും മുന്നേറാം.

**ഫാ. ജോർജ് തോമസ് കൊച്ചുവിളയിൽ**

www.malankaralibrary.com



# ലൂക്ക. 13:10 – 17

മാർച്ച് 18 ഞായർ

## I. സന്ദർഭം

ലൂക്കാ 9: 51–19: 46 ൽ വിവരിക്കുന്നത് യേശുവിന്റെ ജറുസലേം യാത്രയാണ്. അതിനിടയിൽ വരുന്ന സാബത്തിലെ ഒരു രോഗശാന്തിയും തുടർന്നുള്ള തർക്കവുമാണ് ഇന്നത്തെ വചനഭാഗം.

## II. പ്രമേയം

സാബത്തുദിനത്തിൽ ഒരു സിനഗോഗിൽവച്ച് പിശാചുബാധിതയായ ഒരു കൂനിസ്ത്രീയെ യേശു സൗഖ്യപ്പെടുത്തുന്നതാണ് ഇന്നത്തെ സുവിശേഷഭാഗം (13:10–17). മനുഷ്യന് നന്മ ചെയ്യുന്നത് സാബത്തു ലംഘനമാണോ അല്ലയോ എന്നതാണ് ഇവിടുത്തെ പ്രമേയം.

## III. സന്ദേശം

1. പതിനെട്ടുവർഷം കൂനി നടന്നവളെയാണ് യേശു സുഖപ്പെടുത്തുന്നത്. നിവർന്നു നിൽക്കാൻ സഹായിക്കുന്നത്. ദീർഘകാലമായി തഴകിശീലിച്ച കൂനി നടപ്പാണ് യേശുവിന്റെ സാന്നിധ്യത്തിൽ നിവർന്നു നിൽപ്പായി മാറിയത്. യേശുവിന്റെ സാന്നിധ്യവും സ്പർശനവുമുണ്ടെങ്കിൽ നിനക്കും നിവർന്നു നിൽക്കാനാവും. അവന്റെ സാന്നിധ്യത്തിൽ നിനക്കും ആത്മാഭിമാനവും ആത്മവിശ്വാസമുണ്ടാകും.

2. അവൾ നിവർന്നു നിൽക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു (13:13). ദൈവസ്തുതിയുടെ ഏറ്റവും നല്ല പോസ്റ്റർ ആണ് നിവർന്നു നിൽപ്. കാരണം ദൈവത്തിന്റെ മുമ്പിൽ നീ ദൈവത്തിന്റെ മകനാണ്, മകളാണ്. അതു കൊണ്ടാണ് നിവർന്നുനിന്ന് ദൈവത്തെ സ്തുതിക്കാൻ നിനക്കു കഴിയുന്നത്. അതിനാൽ നീ ആരാണെന്ന് നീ തിരിച്ചറിയുക. ദൈവപിതാവിന് സ്തുതി അർപ്പിക്കുകയും ചെയ്യുക.

3. സാബത്തു ദിവസം രോഗശാന്തി വിലക്കുന്ന സിനഗോഗധികാരിയോട് യേശു പറയുന്നത് സ്വന്തം കഴുതയുടേയും കാളയുടേയും കാര്യമാണ്. സാബ ത്തിൽ കാളയെ വെള്ളം കുടിപ്പിക്കാൻ കൊണ്ടുപോകുന്നത് സാബത്ത് ലംഘ നമായി അവർക്കു തോന്നിയില്ല. കാരണം, കാള അവരുടെ സ്വന്തമാണ്. കൂനി

www.malankaralibrary.com

യായ സ്ത്രീക്ക് സൗഖ്യം കിട്ടിയത് സാബത്ത് ലംഘനമാണ്. കാരണം, അവൾ അവരുടെ സ്വന്തമല്ല. സ്വന്തമാണെന്ന് തോന്നുന്നിടത്തു മാത്രമേ സൗഖ്യത്തിനുള്ള സാധ്യതയുള്ളൂ; സാബത്തു ലംഘനത്തിനുള്ള സാധ്യതയും. നിന്റെ സഹായം ആവശ്യമുള്ളവരെയെല്ലാം നിന്റെ സ്വന്തമായി കരുതുക. സൗഖ്യവും ആരോഗ്യവും ഇവിടെ വളർന്നുവരും.

**ഡോ. ജേക്കബ് നാലുപറയിൽ**

## പ്രസംഗം: യഥാർത്ഥ കൂന്

സഹജീവികളുടെയും കൂടെനിന്ന് ആരാധിക്കുന്നവന്റെയും നന്മകാണാൻ കഴിയാത്ത അവസ്ഥയാണ് യഥാർത്ഥമായ കൂനിയാക്കപ്പെടൽ എന്ന സന്ദേശവുമായി ഇന്നത്തെ സുവിശേഷം നമുക്കുമുന്നിൽ വെല്ലുവിളിയാകുന്നു. സാധ്യമാകുന്നിടത്തോളം അനുവർത്തിക്കപ്പെടേണ്ട നാല് ഭാവങ്ങളും ഒരിക്കലും ആചരിക്കപ്പെടാതിരിക്കേണ്ട ഒരു ഭാവവും ഇന്നത്തെ സുവിശേഷത്തിൽ നാം കാണുന്നു.

ഒന്നാമതായി അപേക്ഷിക്കുന്ന, ഉയർന്നു നിൽക്കാൻ കെൽപ്പില്ലാത്ത സ്ത്രീയുടെ ഭാവമാണ്. കാലപ്പഴക്കം വന്ന തന്റെ ശരീരത്തിന്റെ കൂനിന് ഉത്തരം നൽകാൻ "ഞാൻ നിന്നെ സുഖപ്പെടുത്തുന്ന ദൈവമാണ്" എന്ന് അരുളിച്ചെയ്ത ഈശോയ്ക്ക് സാധിക്കും എന്നവൾ വിശ്വസിച്ചു. ആ വിശ്വാസത്തെ പ്രാവർത്തികമാക്കി. എല്ലാ പ്രതിബന്ധങ്ങളെക്കുറിച്ചും മറന്ന് അവൾ ഈശോയോട് വിശ്വാസത്തോടെ അപേക്ഷിച്ചു. ഈ അപേക്ഷ ഈശോ സിനഗോഗിൽ പഠിപ്പിച്ചത് കേട്ടു മനസ്സിലാക്കിയതിന്ശേഷമാണ് നടത്തുന്നത് എന്നത് വളരെ ശ്രദ്ധേയമാണ്. ആചാരഅനുഷ്ഠാന ബന്ധിയായ ആത്മീയതയേക്കാൾ മതഗ്രന്ഥത്തിൽ ഒളിഞ്ഞുകിടക്കുന്ന മനുഷ്യ ദൈവസ്നേഹത്തിന്റെ വരികൾക്കിടയിലെ വിപ്ലവാത്മകവായനകൾ അവൾ ഈശോയിൽ നിന്ന് മനസ്സിലാക്കിയിരിക്കണം. ഇത് നാം അനുവർത്തിക്കണം.

രണ്ടാമതായി നൽകുന്നവന്റെ ഭാവമാണ്. അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാതിരിക്കാൻ കഴിവുമാത്രം പോരാ; വിശാലമായ മനസ്സും വേണം. "എനിക്കു മനസ്സുണ്ട്; നിനക്ക് ശുദ്ധിയുണ്ടാകട്ടെ" എന്ന് അരുളിച്ചെയ്ത തമ്പുരാൻ അപേക്ഷയ്ക്ക് ഉത്തരമരുളുന്നു. "മക്കൾക്കു നല്ലതുകൊടുക്കുവാൻ ദുഷ്ടരായ നിങ്ങൾക്കറിയാമെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ്..." ഈശോയോട് ചോദിച്ചാൽ ഉത്തരം ലഭിക്കും. "നിന്റെ സങ്കടങ്ങൾ നീ കർത്താവിൽ ഏൽപ്പിക്കുക" ഈശോ നൽകുന്ന ദാനങ്ങൾ സ്വീകരിക്കുക. ഉത്തരം ലഭിക്കുന്നത് ഈശോയിൽ നിന്നാണെങ്കിൽ ഒരുശക്തിക്കും നിന്നെ കീഴ്പ്പെടുത്താൻ പറ്റില്ല. ഈ നൽകലിന്റെ ഭാവം നമുക്കും പങ്കുവയ്ക്കാം.

മൂന്നാമതായി സ്വീകരിക്കുന്ന മനോഭാവമാണ്. ഈ സ്ത്രീ വളരെ എളിമയോടെ ദൈവത്തിൽ നിന്ന് സൗഖ്യം സ്വീകരിക്കുന്നു. കണ്ണും മനസ്സും നിറഞ്ഞുകൊണ്ടുള്ള ഒരു സ്വീകരണം. "എല്ലാം ദാനമായി നിനക്കു കിട്ടി എന്ന

www.malankaralibrary.com

വചനം അന്വർത്ഥമാക്കുന്ന സ്വീകരണം. നമുക്കു ലഭിച്ചതൊക്കെ എളിമയോടെ സ്വീകരിക്കാനാവണം. എളിമയില്ലാത്ത സ്വീകരണങ്ങൾ ആഡംബരത്തിൽ അലഞ്ഞുതിരിഞ്ഞ് അഹങ്കാരത്തിൽ അടിപതറിവീണ് സർവ്വംനഷ്ടപ്പെട്ട് പന്നിക്കൂട്ടത്തിൽ തലചായിക്കുന്ന ധൂർത്തുപുത്രരാക്കും നമ്മളെ. എല്ലാം എളിമയോടെ സ്വീകരിക്കുന്ന ഒരുഹൃദയതാളം നമുക്കും ഉണ്ടാകട്ടെ.

നാലാമതായി ആചരിക്കപ്പെടേണ്ടതായിട്ടുള്ളതല്ലാത്ത ഒരു ഫരിസേയ ഭാവമാണ്. 18 വർഷമായി അവൾ കൂനിയായിരുന്നു. ആരാധനയ്ക്ക് വരുമായിരുന്നു. കൂടെ നിന്ന് പ്രാർത്ഥിക്കുമായിരുന്നു. രോഗം ശാപത്തിന്റെ ഫലമാണെന്ന പ്രബോധനങ്ങൾ കേട്ട് അപകർഷതാബോധത്തോടെ ഇറങ്ങിപ്പോകുമായിരുന്നു. അവളുടെ സങ്കടങ്ങളെ 'യഥാർത്ഥമതത്തിന്റെ യഥാർത്ഥ ആചാര്യന്മാർ എന്ന് അഹങ്കരിച്ചവർക്ക് കാണാൻ കഴിഞ്ഞില്ല. ഒരുപക്ഷേ തങ്ങളിലുള്ള ദൈവകൃപയെ താരതമ്യപ്പെടുത്തി ഞാൻ നിലക്കുന്ന കൂനിയെപ്പോലെയല്ല എന്ന് അവർ വീമ്പടിച്ചിട്ടുണ്ടായിരിക്കും. സാബത്തിന്റെ പേരുപറഞ്ഞ് ദൈവത്തിന്റെ കരുണയ്ക്ക് തടയിടുകയാണവർ. സാബത്ത് മനുഷ്യനു വേണ്ടിയാണ്. എന്നത് അവർ മറന്നുകളഞ്ഞു ഈശോ അവരെ എതിർത്തു. കാരണം അവർ കാളയുടെയും കഴുതയുടെയും സാബത്തിൽ തീറ്റുന്നു. എന്നാൽ സഹജീവിയിലുണ്ടാകുന്ന നന്മയ്ക്കെതിരെ ശബ്ദിക്കുന്നു. എന്തൊരു മനസ്സാണിത്. കാളയും കഴുതയും അവർക്ക് കമ്പോളലാഭം ഉണ്ടാക്കുന്നു. ഭൗതിക നേട്ടങ്ങൾക്കുവേണ്ടി സാബത്തിൽ ജോലിചെയ്യാം. എന്നാൽ മാനവ നന്മയ്ക്കുവേണ്ടി ഒന്നും പാടില്ല. ഹൃദയം ഹൃദയത്തെ തിരിച്ചറിയുന്നതാണ് യഥാർത്ഥ സാബത്ത്. സാബത്തിൽ വിശ്രമം നിർബന്ധമാക്കിയത് ദൈവത്തെ കണ്ടുമുട്ടാനാണ്. ദൈവത്തെ കണ്ടുമുട്ടുന്നത് മനുഷ്യന്റെ വളർച്ചയിലും നന്മയിലുമാണ്. കൂനിയായവൾ നിവർന്നാൽ അവിടെ ദൈവമുണ്ട്. ഇതിനെ കാണാൻ കഴിയാത്ത ആചരണങ്ങൾ സമരിയാക്കാരന്റെ മരണാവസ്ഥ 'കാണാതെപോയി' ദേവാലയാചരണം നടത്തുന്നവരുടെ പിൻപറ്റലാണ്. അത് ഉപേക്ഷിക്കണം.

അഞ്ചാമതായും അവസാനമായും ജനക്കൂട്ടത്തിന്റെ പ്രതികരണമാണ്. അവർ ആഹ്ലാദിച്ചു. ദൈവത്തെ മഹത്വപ്പെടുത്തി. വിജയിച്ചു. ദൈവത്തിന്റെ പ്രവർത്തികൾ കണ്ട് അവിടുത്തെ മഹത്വപ്പെടുത്താൻ നമുക്കു കഴിയണം. പക്ഷേ ഈ മഹത്വപ്പെടുത്തൽ സ്ഥായീഭാവത്തോടെ ഉള്ളതായിരിക്കണം. നല്ല നിലത്തുവീണ വിത്തുകണക്കെ അത് മഹത്വപ്പെടുത്തുന്നതിന്റെയും സ്തുതിക്കുന്നതിന്റെയും ആഴങ്ങളിലേക്ക് പോകണം. വൈകാരിക പ്രകടനത്തേക്കാൾ സ്ഥിരതയുള്ള ആത്മബോധത്തിന്റെ ഉണർത്തുപാട്ടായി മാറണം അത്.

**ഫാ. നോബി അയ്യനേത്ത്**

www.malankaralibrary.com



# ലൂക്ക. 1: 26-38

മാർച്ച് 25 ഞായർ

## ഭാഷ്യം

### I. സന്ദർഭം

യോഹന്നാന്റെ പിറവിയുടെ വാർത്ത അറിയിക്കപ്പെടുന്നത് വളരെ പ്രൗഢ ഗംഭീരമായ സാഹചര്യത്തിലാണ്; പുരോഹിതശുശ്രൂഷയുടെയും പ്രാർത്ഥന യുടെയും അന്തരീക്ഷത്തിൽ. എന്നാൽ മംഗള വാർത്തയോ? ഗലീലിയിലെ ഒരു അപ്രധാന ഗ്രാമത്തിൽ, ഒരു ചെറു വീടിന്റെ അകത്തളത്തിൽ എവി ടെയോ വീട്ടുജോലിയിൽ ഏർപ്പെട്ടിരുന്ന ഒരു പെൺകുട്ടിക്ക്. യഹൂദജീവിത ചര്യയുടെ നടുത്തളത്തിൽ നിന്ന് പിന്നാമ്പുറത്തേക്ക് അനുവാചകർ ഇവിടെ നയിക്കപ്പെടുകയാണ്. ദൈവികപ്രവർത്തനം ദേവാലയത്തിൽ നിന്ന് വീട്ടിലേക്ക് മാറുന്നു.

### II. പ്രമേയം

കന്യകയായ മറിയം ഗർഭം ധരിച്ച് യേശുവിന് ജന്മം കൊടുക്കുമെന്ന് മാലാഖ അറിയിക്കുന്നതും മറിയത്തിന്റെ പ്രതികരണവുമാണ് പ്രമേയം.

### III. സന്ദേശം

1. ഗബ്രിയേൽ മാലാഖ ആദ്യം ജറുസലേം ദേവാലയത്തിൽ പ്രത്യക്ഷപ്പെ ടുന്നു. ഇപ്പോൾ മറിയത്തിന്റെ വീട്ടിലും (1:26-27). ദൈവിക ഇടപെടലുകൾ നിന്റെ ജീവിതത്തിൽ എവിടെ വച്ചുവേണമെങ്കിലും ഉണ്ടാകാം. അതിവിശു ദ്ധമായ നിമിഷങ്ങളിൽ ദൈവം നിന്നിൽ പ്രവർത്തിക്കാം. നിന്റെ അതിസാ ധാരണമായ പ്രവർത്തനാവസരങ്ങളിലും ദൈവം നിന്റെ ജീവിതത്തിൽ പ്രവർത്തിക്കാം. ഒന്നിനെയും നീ അവഗണിക്കരുതെന്നു മാത്രമല്ല; എല്ലാ അവസരങ്ങളിലും നീ ദൈവിക പ്രവർത്തനങ്ങൾക്ക് തുറവിയോടെ ഇരിക്ക ണമെന്നു സാരം. നിന്റെ അനുദിനജീവിതത്തിന്റെ സാധാരണതകളിൽ പ്രത്യ ക്ഷപ്പെടുന്ന ദൈവത്തെ തിരിച്ചറിയുന്നിടത്താണ് നിന്റെ ജീവിതവിജയം.

2. ഊമനായ സഖറിയാ തന്നെ മറ്റുള്ളവർക്ക് അടയാളമായി (1:22). ഇത്ത വണ മറിയത്തിന് അടയാളമാകുന്നത് ഗർഭിണിയായ എലിസബത്താണ് (1:36). എവിടെയും ദൈവം നിനക്കൊരു അടയാളം ഒളിപ്പിച്ചു വച്ചിട്ടുണ്ട് എന്നതാണ് സത്യം. ചിലപ്പോൾ അത് നിന്റെ ജീവിതസംഭവങ്ങളിലാകാം. മറ്റു ചിലപ്പോൾ

www.malankaralibrary.com

അത് നിന്റെ പ്രിയരുടെ ജീവിതത്തിലാകാം. അതിനാൽ ശ്രദ്ധയോടെയും വിശുദ്ധിയോടെയും നിന്റെ ജീവിതത്തെ നീ അനുധാവനം ചെയ്യുക; നിന്റെ പ്രിയരുടെ ജീവിതങ്ങളെയും. ദൈവികപ്രവർത്തനങ്ങളുടെ അടയാളങ്ങൾ ഓരോ ദിവസവും നിനക്ക് എണ്ണി എണ്ണിയെടുക്കാനാവും.

3. കർത്താവിന്റെ ദൂതൻ സഖറിയാക്ക് പ്രത്യക്ഷപ്പെട്ടതിന്റെ ആറാം മാസമാണ് മറിയത്തിന് പ്രത്യക്ഷപ്പെടുന്നത് (1:26). മറ്റുള്ളവർക്ക് ദൈവാനുഭവങ്ങളും ദൈവാനുഗ്രഹങ്ങളും ലഭിക്കുമ്പോൾ നീ നിരാശപ്പെടരുത്. മറിച്ച് സന്തോഷിക്കുക. അതോടൊപ്പം നിന്റേതിനായി കാത്തിരിക്കുകയും ചെയ്യുക. പലപ്പോഴും ആറുമാസത്തിന്റെ അകലത്തിൽ നിനക്കും ദൈവാനുഗ്രഹം ലഭിക്കും. മിക്കപ്പോഴും മികച്ച ദൈവാനുഗ്രഹമായിരിക്കുകയും ചെയ്യും.

**ഡോ. ജേക്കബ് മുള്ളൂർ**
**ഡോ. ജെ. നാലുപറയിൽ**

## പ്രസംഗം: സ്വാതന്ത്ര്യം

ദൈവം മനുഷ്യനു നൽകിയ സവിശേഷതകളിൽ ഒന്നാണ് സ്വാതന്ത്ര്യം. സ്വാതന്ത്ര്യമില്ലെങ്കിൽ കീ കൊടുത്തുചലിപ്പിക്കുന്ന യന്ത്രം കണക്കെ ആയിത്തീരും മനുഷ്യർ. യജമാനന്റെ താളത്തിനൊത്തു ചലിക്കുന്ന ഒരു യന്ത്രപ്പാവ ആയിട്ടല്ല ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. ദൈവം മനുഷ്യന്റെ സ്വാതന്ത്ര്യത്തെ മാനിക്കുന്നു. ഈ സ്വാതന്ത്ര്യം ഉപയോഗിച്ച് തെറ്റോ ശരിയോ മനുഷ്യനു തെരഞ്ഞെടുക്കാം. "അഗ്നിയും ജലവും അവിടുന്ന് നിന്റെ മുമ്പിൽ വെച്ചിരിക്കുന്നു; ഇഷ്ടമുള്ളത് എടുക്കാം. ജീവനും മരണവും മനുഷ്യന്റെ മുമ്പിലുണ്ട്; ഇഷ്ടമുള്ളത് അവന് ലഭിക്കും" (1 പ്രഭാ 15/16-17).

സ്വതന്ത്രമനസ്സോടെ നടത്തുന്ന തെരഞ്ഞെടുപ്പിന്റെ ഉത്തരവാദിത്വവും മനുഷ്യൻ തന്നെ ഏൽക്കണം. ഏതു തെരഞ്ഞെടുപ്പിനും അതിന്റെ ഈിലെ ൂൗലിരല (പരിണിതഫലം) ഉണ്ട്. അതേറ്റെടുക്കുവാൻ നാം തയ്യാറാകണം.

ഏതു വ്യക്തിയുടെ ജീവിതത്തിലും പല നിർണ്ണായകമായ തെരഞ്ഞെടുപ്പുവേളകളുണ്ട്. പലരുടെയും ജീവിതം തകരുന്നത് മോശമായ തെരഞ്ഞെടുപ്പു നടത്തുന്നതുകൊണ്ടാണ്. തന്റെ ജീവിതത്തിലെ സുപ്രധാനമായ ഒരു തെരഞ്ഞെടുപ്പിനെ മറിയം നേരിടുന്നു. ദൈവപുത്രനു ജന്മമെടുക്കുവാൻ മറിയത്തെ ദൈവം നിർബന്ധിക്കുകയല്ല, അവളുടെ സമ്മതം ചോദിക്കുകയാണ്. അവൾ അതിനു സ്വതന്ത്രമനസ്സോടെ ഉത്തരം നൽകുന്നു.

മറിയം ദൈവദൂതനോട് ചോദ്യം ചോദിക്കുന്നു: "ഇതെങ്ങനെ സംഭവിക്കും (ലൂക്കോസ് 1:35)? ദൈവത്തോടാണെങ്കിലും ചോദ്യം ചോദിക്കാൻ മനുഷ്യന് സ്വാതന്ത്ര്യവും അവകാശവുമുണ്ട്. ഇവിടെ ചോദ്യം ചോദിക്കുന്നത് അറിയാൻ ആത്മാർത്ഥമായി ആഗ്രഹിച്ചാണ്. ഇത്തരം ചോദ്യങ്ങളെ ദൈവം ബഹുമാനിക്കും.

മറിയത്തിന്റെ ചോദ്യം ന്യായമായ ഒന്നായിരുന്നു. മനുഷ്യചരിത്രത്തിൽ

www.malankaralibrary.com

സ്ത്രീപുരുഷ ബന്ധത്തിലൂടെയാണ് ശിശുക്കൾ ജനിച്ചിട്ടുള്ളത്. കന്യകയായിരിക്കുന്ന താൻ, ശാരീരികബന്ധം കൂടാതെ എങ്ങനെ ഗർഭവതിയാകുമെന്നതിന്റെ യുക്തി അവൾക്കറിയണം. അവളുടെ സംശയം ദൈവദൂതൻ അകറ്റി. പിന്നെ തർക്കങ്ങളില്ല, സംശയമില്ല, സമ്പൂർണ്ണ സമർപ്പണം മാത്രം.

വിശ്വാസമെന്നാൽ അന്ധവിശ്വാസമല്ല. യുക്തി കൂടാതെയുള്ള വിശ്വാസം ബലമില്ലാത്തതാണ്. ഇപ്പോഴത്തെ മാർപാപ്പയുടെ വാക്കുകളിൽ, യുക്തിയില്ലാത്ത വിശ്വാസം അന്ധവിശ്വാസമാണ്.

ദൈവമാതാവെന്ന വലിയ ഭാഗ്യത്തിന് മറിയം അർഹയായെങ്കിലും അവളുടെ ജീവിതത്തിൽ പ്രശ്നങ്ങളുടെയും വേദനകളുടെയും ഘോഷയാത്രയാണ് പിന്നീട്. അവളുടെ ജീവിതം ഇനി മുതൽ മരണനിഴലിലാണ്. 'അപഥസഞ്ചാരം' ആരോപിക്കപ്പെട്ട് അവൾ കല്ലെറിഞ്ഞു കൊല്ലപ്പെട്ടേക്കാം. ഭർത്താവായ ജോസഫിന്റെ സംശയവും മറിയത്തെ രഹസ്യത്തിൽ ഉപേക്ഷിക്കാനുള്ള തീരുമാനവും വി.ഗ്രന്ഥം വിവരിക്കുന്നുണ്ടല്ലോ. ദൈവത്തിന് സ്വയം വിട്ടുകൊടുത്തതിന് വലിയ വിലയാണ് അവൾക്ക് നൽകേണ്ടി വന്നത്.

നമ്മുടെ ജീവിതത്തിൽ ഒരു തെരഞ്ഞെടുപ്പിന്റെ അവസരം വരുമ്പോൾ എന്തു മാനദണ്ഡമാണ് നാം സ്വീകരിക്കുക? സമൂഹത്തിന്റെ അഭിപ്രായം? പരിക്കില്ലാതെയുള്ള രക്ഷപെടൽ? 'നാടോടുമ്പോൾ നടുവേ ഓടുക' എന്ന പ്രമാണം? നമ്മുടെ ഇഷ്ടം മാറ്റി വച്ച് ദൈവേഷ്ടം തിരഞ്ഞെടുക്കാൻ മറിയം പഠിപ്പിക്കുന്നു.

ദൈവതിരുമനസ്സ് അംഗീകരിക്കുക. എപ്പോഴും സുഖകരമായ അനുഭവമാകണമെന്നില്ല. കുടുംബജീവിതത്തിലായാലും, വൈദിക-സന്യസ്തജീവിതത്തിലായാലും അതതിന്റെ വെല്ലുവിളികളും പ്രശ്നങ്ങളും ഉണ്ട്. അവകൂടി ഏറ്റെടുക്കാനുള്ള ഉത്തരവാദിത്വം ആ വിളികൾ സ്വീകരിക്കുന്നവർക്കുണ്ട്. ചിലർക്ക് അവരവരുടെ ജീവിതാന്തസ്സിന്റെ സുഖം മാത്രം മതി; പ്രയാസം പേറാൻ മനസ്സില്ല. സമചിത്തതയോടെ ജീവിതപ്രശ്നങ്ങളെ നേരിട്ട മറിയം നമുക്കു മാതൃകയാവട്ടെ.

യുക്തിപൂർവ്വം ചോദ്യം ഉന്നയിച്ച മറിയത്തിന് അറിവു ലഭിച്ചു. ഈ അറിവ് ബോദ്ധ്യത്തിലേക്ക് അവളെ ആനയിച്ചു- തന്റെ ജീവിതം ദൈവത്തിനുള്ള സമ്പൂർണ്ണസമർപ്പണം ആവണം എന്ന ബോദ്ധ്യം. ഈ സമർപ്പണത്തിന്റെ അടയാളമൊഴിയാണ്, "ഇതാ, ഞാൻ കർത്താവിന്റെ ദാസി" (ലൂക്കോസ് 1:38) എന്ന പ്രതികരണം. എളിമയെന്നാൽ ഒഴിഞ്ഞു മാറലല്ല; ദൈവകരുണയിൽ ആശ്രയിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ഏറ്റെടുക്കലാണെന്ന് മറിയം നമുക്കു പറഞ്ഞു തരുന്നു.

ദൈവത്തെ ദർശിക്കാൻ താഴ്മ വേണം. ദൈവദർശനം ലഭിച്ചവർ താഴ്മപ്പെടുകയും ചെയ്യും. തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചാണ് (ലൂക്കോസ് 1:48) ദൈവം മറിയത്തെ തെരഞ്ഞെടുത്തത്. ദൈവപുത്രന്റെ അമ്മയായശേഷം

www.malankaralibrary.com

February 2012 / Price Rs. 25 Karunikan RNI No. KERMAL/2007/19623. Postal Reg. No.KL/ALY/0010/2010-12

അവൾ ആദ്യം ചെയ്യുന്ന കാര്യം എളിമയോടെ ശുശ്രൂഷ ചെയ്യുവാൻ എലിസബത്തിന്റെ ഭവനത്തിലേക്കു പോകുകയാണ്. 'കർത്താവിന്റെ ദാസി' മനുഷ്യരുടെയും ദാസിയാണ്.

ദാസിയെന്ന വാക്ക് വെറും 'ജോലിക്കാരി (Servant) എന്ന അർത്ഥത്തില്ല ഇവിടെ പ്രയോഗിച്ചിരിക്കുന്നത്, അടിമ (Slave) എന്ന അർത്ഥത്തിലാണ്. യജമാനൻ വിലകൊടുത്തു വാങ്ങിയ ആളാണ് ദാസനൊ, ദാസിയൊ. അയാൾക്ക് ഇഷ്ടമുള്ളത് ദാസനോടോ ദാസിയോടോ ചെയ്യാം. ആരും അതു ചോദ്യം ചെയ്യില്ല.

കർത്താവിന്റെ ദാസി എന്ന ഏറ്റുപറച്ചിലിലൂടെ ദൈവത്തിനു തന്നെത്തന്നെ പൂർണമായി വിട്ടുകൊടുക്കാനുള്ള സന്നദ്ധത അറിയിക്കുന്നു. അവൾ ദൈവത്തെ സ്വന്തമാക്കിയതുപോലെ ദൈവം അവളെയും സ്വന്തമാക്കിയതിനെ നാം വചനിപ്പുതിരുനാളിലൂടെ സുവിശേഷമായി അനുസ്മരിക്കുന്നു.

ഈ തിരുനാൾ ദിനത്തിൽ നാം സ്വയം ചോദിക്കുക. പരി. അമ്മയെപ്പോലെ ദൈവമനസ്സറിഞ്ഞാണോ ഞാൻ തീരുമാനമെടുക്കുക? ജീവിതത്തിൽ സംഭവിക്കുന്ന എന്തിനെയും ദൈവികമായി ഉൾക്കൊള്ളാൻ എനിക്കാകുന്നുണ്ടോ? എന്റെ സമർപ്പണം പൂർണമോ ഭാഗികമോ?

നമ്മുടെ കുറവുകൾ പരിഹരിക്കുന്നതിന് പരി. അമ്മയുടെ മാദ്ധ്യസ്ഥം നമുക്കു പ്രാർത്ഥിക്കാം.

**ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി**

*Printed & Published by Fr. Jacob Naluparayil, MCBS House, Perumanoor P.O.-682 015, Ernakulam.*
*Printed at St.Joseph's Orphanage Press, Changanacherry, Kerala - 686 101, Editor : Fr. Jacob Naluparayil*